# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.424

## 04-02-2020 ൽ മറുപടിക്ക്

## കിഫ്ബിയിലേക്കുള്ള നിക്ഷേപം

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കിഫ്ബി പദ്ധതി നിലവിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും ആകെ എത്ര തുകയുടെ പദ്ധതികൾക്കാണ് കിഫ് ബി വഴി പണം നൽകാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | അഞ്ചു വർഷം കൊണ്ട് അൻപതിനായിരം കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്നുള്ളതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. അതിനായി 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ 28218 കോടി രൂപയുടെ പദ്ധതികളും 2017 -18 ലെ ബജറ്റ് പ്രസംഗത്തിൽ 25961 കോടി രൂപയുടെ പദ്ധതികളും കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ അനുവദിച്ച തുക പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് അനുസരിച്ചു മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളു. |
| (ബി) ഓരോ സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക എത്ര വീതമാണെന്ന് അറിയിക്കാമോ; | ഓരോ സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതികൾക്കായി കിഫ്ബി അംഗീകരിച്ച തുക ചുവടെ ചേർക്കുന്നു.<br><br>സാമ്പത്തിക വർഷം — അംഗീകരിച്ച തുക<br>2016-17 — 11574.25 കോടി രൂപ<br>2017-18 — 8516.17 കോടി രൂപ<br>2018-19 — 22560.50 കോടി രൂപ<br>2019-20 — 11740.55 കോടി രൂപ<br><br>ടി അംഗീകരിച്ച തുകയിൽ 4580.96 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. (03.02.2020 ലെ കണക്കുകൾ പ്രകാരം) |
| (സി) കിഫ്ബിയിലേക്ക് ഇതിനോടകം എത്ര തുകയുടെ നിക്ഷേപം സമാഹരിച്ചിട്ടുണ്ടെന്നും, നിലവിൽ അക്കൗണ്ടിൽ എത്ര തുകയുണ്ടെന്നും വ്യക്തമാക്കാമോ? | നാളിതുവരെ (29.01.2020) കിഫ്ബിയിൽ കോർപ്പസ്സ് ഫണ്ട് ഉൾപ്പെടെ 12,333.23 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നിലവിൽ അകൗണ്ടിൽ കോർപ്പസ്സ് ഫണ്ട് ഉൾപ്പെടെ 8362.70 കോടി രൂപ നീക്കിയിരിപ്പുണ്ട്. |

സെക്ഷൻ ഓഫീസർ